**കേരള സർക്കാർ**

സംഗ്രഹം

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ കല്ലറ വില്ലേജിൽ സർവേ നമ്പർ 2953/3 ൽ പെട്ട 141.64 ആർ (3.5 ഏക്കർ) ഭൂമി എൻസിസി വകുപ്പിന് ട്രെയിനിങ് സെന്റർ സ്ഥാപിക്കുന്നതിന്, രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് നിബന്ധനകൾക്ക് വിധേയമായി എൻസിസി വകുപ്പിന് ഉപയോഗാനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ. (കൈ) നം. 246/2019/റവ തീയതി, തിരുവനന്തപുരം, 30/07/2019

---

പരാമർശം 1. ലാൻഡ് റവന്യൂ കമ്മീഷണറുടെ 31/01/2018-ലെ എൽ.ആർ.കെ2-26876/2017 നമ്പർ കത്ത്.

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 11/05/2017-ലെ ബി8-79487/12 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ കല്ലറ വില്ലേജിൽ സർവേ നമ്പർ 2953/3 ൽ പെട്ട എഴുപതു ലക്ഷം രൂപ വിലമതിക്കാവുന്ന 141.64 ആർ (3.5 ഏക്കർ) ഭൂമി എൻസിസി വകുപ്പിന് ട്രെയിനിങ് സെന്റർ സ്ഥാപിക്കുന്നതിന്, രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് നിബന്ധനകൾക്ക് വിധേയമായി എൻസിസി വകുപ്പിന് ഉപയോഗാനുമതി നൽകാവുന്നതാണെന്ന പരാമർശം (2) ലെ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (1) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ കല്ലറ വില്ലേജിൽ സർവേ നമ്പർ 2953/3 ൽ പെട്ട 141.64 ആർ (3.5 ഏക്കർ) ഭൂമി എൻസിസി വകുപ്പിന് ട്രെയിനിങ് സെന്റർ സ്ഥാപിക്കുന്നതിന്, രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കു വിധേയമായി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് താഴെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി എൻസിസി വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;
2. ഭൂമി ദുരുപയോഗപ്പെടുത്താനോ ഉപപാട്ടത്തിനോ തറവാടകയ്ക്കോ നൽകാനോ പറ്റില്ല;
3. ഭൂമി എല്ലാത്തരത്തിലുള്ള കയ്യേറ്റങ്ങളിൽ നിന്നും എൻ സി സി വകുപ്പ് തന്നെ സംരക്ഷിക്കേണ്ടതാണ്;
4. അനുവദിക്കുന്ന സ്ഥലത്ത് ഒരു വർഷത്തിനകം നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്;
5. പ്രസ്തുത സംരംഭം പൂർണമായും സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലും ഉടമസ്ഥതയിലും ഉള്ളത് ആകണം;

6. മേൽ പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി തിരികെ റവന്യൂ വകുപ്പിൽ നിക്ഷിപ്തമാകുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. വേണു വി.**

**പ്രിൻസിപ്പൽ സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ വകുപ്പ്
അഡീഷണൽ ഡയറക്ടർ ജനറൽ, എൻ.സി.സി. സ്റ്റേറ്റ് വിങ്, എൻ.സി.സി. ഡയറക്ടറേറ്റ്, തിരുവനന്തപുരം - 695010
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (E.No.882536: Exp-A2/298/2018-Fin dated 07.05.2019)
പൊതുഭരണ (എസ്.സി) വകുപ്പ്
പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ